കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മണക്കാട് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSAIDK 11/1036/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 29/12/2021
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മണക്കാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മണക്കാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മണക്കാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAIDK 11/1036/2021 തീയ്യതി: 29/12/2021

ഇടുക്കി ജില്ലയിലെ മണക്കാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ മണക്കാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-01-2020 മുതൽ 26-10-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 7 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ബീനാകുമാരി സി.ആർ	ഡെപ്യൂട്ടി ഡയറക്ടർ	26-10-2021	06-11-2021

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
26-10-2021	06-11-2021

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സണ്ണി എം.യു, ഓഡിറ്റ് ഓഫീസർ
ശ്രീമതി മരുൺ മാത്യു, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ജിബി ഇ.വി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി അനീറ്റ പി സാമുവൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി മായ കൃഷ്ണൻ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി വത്സ ജോൺ	പ്രസിഡന്റ്	01-04-2019	31-03-2020
ശ്രീമതി ലൗലി ജോൺ	സെക്രട്ടറി	01-04-2019	14-07-2019
ശ്രീ ഷാജിമോൻ വി.കെ	സെക്രട്ടറി	15-07-2019	31-03-2020

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)

ഡോ.ഷാജി ഇ.കെ	വെറ്ററിനറി സർജൻ	01-04-2019	31-03-2020
എ.കെ പ്രഭാകരൻ	ഹെഡ് മാസ്റ്റർ	01-04-2019	31-03-2020
ശ്രീമതി മെൽഡ ഡേവിസ്	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2019	31-03-2020
ശ്രീ നാരായണൻ നമ്പൂതിരി	ഡയറി എക്സ്റ്റൻഷൻ ഓഫിസർ	01-04-2019	04-04-2019
ശ്രീമതി മിനി ജോസഫ്	ഡയറി എക്സ്റ്റൻഷൻ ഓഫിസർ	05-04-2019	16-09-2019
ശ്രീമതി റിനു തോമസ്	ഡയറി എക്സ്റ്റൻഷൻ ഓഫിസർ	17-09-2019	31-03-2020
ശ്രീ.ഷാഹുൽ ഹമീദ് പി.കെ	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2019	31-03-2020
ഡോ.രാഹുൽ രാഘവൻ	മെഡിക്കൽ ഓഫീസർ (ആരോഗ്യം)	01-04-2019	03-02-2020
ഡോ.അനു മാർട്ടിൻ	മെഡിക്കൽ ഓഫീസർ (ആരോഗ്യം)	04-02-2020	31-03-2020
ഡോ.സുജ സെബാസ്റ്റ്യൻ	മെഡിക്കൽ ഓഫീസർ (ആയുർവേദം)	01-04-2019	31-03-2020
ഡോ.ചിത്ര പി.വി	മെഡിക്കൽ ഓഫീസർ (ഹോമിയോ)	01-04-2019	31-03-2020
ശ്രീ. സിബി തോമസ്	കൃഷി ഓഫീസർ	01-04-2019	24-11-2019
ശ്രീ. ആനന്ദ് വിഷ്ണു പ്രകാശ്	കൃഷി ഓഫീസർ	25-11-2019	31-03-2020
ശ്രീമതി നിത്യ പി.എസ്	വി.ഇ.ഒ (അരിക്കുഴ സർക്കിൾ)	01-04-2019	31-03-2020
ശ്രീ.വി.ജി.ശ്രീകുമാർ	വി.ഇ.ഒ (പെരിയാമ്പ്ര സർക്കിൾ)	01-04-2019	18-09-2019
ശ്രീമതി റോസ്മി ജോസ്	വി.ഇ.ഒ (പെരിയാമ്പ്ര സർക്കിൾ)	19-09-2019	31-03-2020

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ് Written By: Marun Mathew (Asst. Audit Officer, On 05-11-2021) Last Updated By: Shyni M.R (Computer Assistant, On 28-12-2021)	1-1
2	ബജറ്റ് ഫയൽ Written By: Marun Mathew (Asst. Audit Officer, On 05-11-2021) Last Updated By: Shyni M.R (Computer Assistant, On 16-12-2021)	1-1-1
3	നികുതി/നികുതിയേതര ഇനങ്ങളുടെ വരവ് സംബന്ധിച്ച ബജറ്റ് എസ്റ്റിമേറ്റ് വിശകലനം Written By: Marun Mathew (Asst. Audit Officer, On 05-11-2021) Last Updated By: Shyni M.R (Computer Assistant, On 28-12-2021)	1-1-2
4	റവന്യൂ ചെലവ് സംബന്ധിച്ച ബജറ്റ് എസ്റ്റിമേറ്റ് അവലോകനം Written By: Marun Mathew (Asst. Audit Officer, On 05-11-2021) Last Updated By: Shyni M.R (Computer Assistant, On 16-12-2021)	1-1-3
5	വാർഷിക ധനകാര്യപത്രിക. Written By: Marun Mathew (Asst. Audit Officer, On 06-11-2021) Last Updated By: Shyni M.R (Computer Assistant, On 16-12-2021)	1-2
6	ഫണ്ട് വിനിയോഗം Written By: Marun Mathew (Asst. Audit Officer, On 05-11-2021) Last Updated By: Shyni M.R (Computer Assistant, On 16-12-2021)	1-3
7	പദ്ധതി അവലോകനം Written By: M.U.Sunny (Audit Officer, On 03-11-2021) Last Updated By: Shyni M.R (Computer Assistant, On 16-12-2021)	1-4
8	തൊഴിലുറപ്പ് പദ്ധതി Written By: M.U.Sunny (Audit Officer, On 04-11-2021) Last Updated By: Shyni M.R (Computer Assistant, On 16-12-2021)	1-5
9	ക്ഷേമ പദ്ധതികൾ Written By: M.U.Sunny (Audit Officer, On 03-11-2021) Last Updated By: Shyni M.R (Computer Assistant, On 28-12-2021)	1-6
10	കാഷ് പരിശോധന Written By: M.U.Sunny (Audit Officer, On 03-11-2021) Last Updated By: Shyni M.R (Computer Assistant, On 16-12-2021)	1-7
11	ആഭ്യന്തര നിയന്ത്രണം Written By: M.U.Sunny (Audit Officer, On 07-11-2021) Last Updated By: Shyni M.R (Computer Assistant, On 16-12-2021)	1-8
12	ഡിപ്രിസിയേഷൻ Written By: Marun Mathew (Asst. Audit Officer, On 06-11-2021) Last Updated By: Shyni M.R (Computer Assistant, On 16-12-2021)	1-9
13	അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ Written By: Marun Mathew (Asst. Audit Officer, On 06-11-2021) Last Updated By: Shyni M.R (Computer Assistant, On 16-12-2021)	1-10
14	പ്രളയ ദുരിതാശ്വാസ സംഭാവന-വരവ് ചെലവുകൾ പൊരുത്തപ്പെടുന്നില്ല Written By: Marun Mathew (Asst. Audit Officer, On 06-11-2021) Last Updated By: Shyni M.R (Computer Assistant, On 16-12-2021)	1-11
15	വാടകക്കെട്ടിശ്ശിക തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു Written By: Maya Krishnan (Auditor, On 03-11-2021) Last Updated By: Shyni M.R (Computer Assistant, On 16-12-2021)	1-12
16	പെർമിറ്റ് അപേക്ഷ- തുടർ നടപടികൾ സ്വീകരിച്ചില്ല Written By: Maya Krishnan (Auditor, On 06-11-2021) Last Updated By: Shyni M.R (Computer Assistant, On 28-12-2021)	1-13
17	ഓഡിറ്റ് ഇംപാക്ട് -കരാറുകാർക്ക് അധികമായി നൽകിയ ₹70377/-ഗ്രാമ പഞ്ചായത്തിലേക്ക് തിരിച്ചടച്ചു Written By: M.U.Sunny (Audit Officer, On 03-11-2021) Last Updated By: Shyni M.R (Computer Assistant, On 16-12-2021)	1-14
18	ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ പ്രവൃത്തികളിൽ നിന്നും ഓവർ ഹെഡ് ചാർജ്ജ് കുറവ് ചെയ്തില്ല Written By: M.U.Sunny (Audit Officer, On 04-11-2021) Last Updated By: Shyni M.R (Computer Assistant, On 16-12-2021)	1-15
19	പാർട്ട് ബിൽ കൈപ്പറ്റിയ ശേഷം തുടർ പ്രവൃത്തികൾ ഉപേക്ഷിച്ച നിലയിൽ Written By: M.U.Sunny (Audit Officer, On 04-11-2021) Last Updated By: Shyni M.R (Computer Assistant, On 16-12-2021)	1-16

20	വെള്ളക്കരമിനത്തിൽ കേരള വാട്ടർ അതോറിറ്റി അധികം ഈടാക്കിയ തുക തിരികെ നൽകിയിട്ടില്ല Written By: M.U.Sunny (Audit Officer, On 04-11-2021) Last Updated By: Shyni M.R (Computer Assistant, On 28-12-2021)	1-17
21	മരുന്നുകൾ ലഭ്യമായിട്ടില്ല Written By: Maya Krishnan (Auditor, On 03-11-2021) Last Updated By: Shyni M.R (Computer Assistant, On 16-12-2021)	1-18
22	നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി -അപാകതകൾ Written By: Anitta P Samuel (Asst. Audit Officer, On 05-11-2021) Last Updated By: Shyni M.R (Computer Assistant, On 16-12-2021)	1-19
23	ഫയൽ ഹാജരാക്കിയിട്ടില്ല Written By: Anitta P Samuel (Asst. Audit Officer, On 05-11-2021) Last Updated By: Shyni M.R (Computer Assistant, On 16-12-2021)	1-20
	ഭാഗം **2**	
	--- No Records Found ---	
	ഭാഗം **3**	
1	ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കിയ പ്രവൃത്തികളിൽ നിന്നും ഓവർഹെഡ് ചാർജ്ജ് കുറവ് ചെയ്തില്ല Written By: M.U.Sunny (Audit Officer, On 07-11-2021) Last Updated By: Shyni M.R (Computer Assistant, On 16-12-2021)	3-1
	ഭാഗം **4**	
1	വാർഷിക കണക്ക് പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം Written By: M.U.Sunny (Audit Officer, On 02-11-2021) Last Updated By: Shyni M.R (Computer Assistant, On 16-12-2021)	4-1
2	സംയുക്ത പദ്ധതികൾ Written By: M.U.Sunny (Audit Officer, On 02-11-2021) Last Updated By: Shyni M.R (Computer Assistant, On 16-12-2021)	4-2
3	ഡെപ്പോസിറ്റ് പ്രവൃത്തികൾ Written By: M.U.Sunny (Audit Officer, On 02-11-2021) Last Updated By: Shyni M.R (Computer Assistant, On 16-12-2021)	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് Written By: M.U.Sunny (Audit Officer, On 02-11-2021) Last Updated By: Shyni M.R (Computer Assistant, On 16-12-2021)	4-4
5	വായ്പ/വായ്പ തിരിച്ചടവ് Written By: M.U.Sunny (Audit Officer, On 02-11-2021) Last Updated By: Shyni M.R (Computer Assistant, On 28-12-2021)	4-5
6	സ്ഥിര നിക്ഷേപം Written By: M.U.Sunny (Audit Officer, On 02-11-2021) Last Updated By: Shyni M.R (Computer Assistant, On 16-12-2021)	4-6
7	ഓഡിറ്റ് റിക്കവറി Written By: M.U.Sunny (Audit Officer, On 02-11-2021) Last Updated By: Shyni M.R (Computer Assistant, On 16-12-2021)	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ട് Written By: M.U.Sunny (Audit Officer, On 02-11-2021) Last Updated By: Shyni M.R (Computer Assistant, On 16-12-2021)	4-8
9	ചാർജ്ജ്/സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക Written By: M.U.Sunny (Audit Officer, On 02-11-2021) Last Updated By: Shyni M.R (Computer Assistant, On 17-12-2021)	4-9
10	ഓഡിറ്റ് പ്രത്യവലോകനം Written By: M.U.Sunny (Audit Officer, On 07-11-2021) Last Updated By: Shyni M.R (Computer Assistant, On 28-12-2021)	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ Written By: M.U.Sunny (Audit Officer, On 02-11-2021) Last Updated By: Shyni M.R (Computer Assistant, On 28-12-2021)	4-11
	അനുബന്ധം	
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

1-1 ബജറ്റ്

11.02.2019 ലെ 1-നം. തീരുമാനപ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ച 4459667/-രൂപ മുന്നിരിപ്പും 101129670/-രൂപ വരവും 103351309/-രൂപ ചെലവും 2238028/- രൂപ നീക്കിയിരിപ്പും ഉള്ള മണക്കാട് ഗ്രാമപഞ്ചായത്തിന്റെ 2019-20 ലെ ബജറ്റ് 22.02.2019 ലെ 1(1)-നം. തീരുമാന പ്രകാരം ഭരണസമിതിയുടെ അംഗീകാരം നേടി. 6205951/-രൂപ മുന്നിരിപ്പും 93598207/-രൂപ വരവും 95973675/-രൂപ ചെലവും 3830483/-രൂപ നീക്കിയിരിപ്പും ഉള്ള 2019-20ലെ പുതുക്കിയ ബജറ്റ് 25.02.2020 ലെ 1-നം. തീരുമാനപ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും 28.02.2020 ലെ 4(1) നം. തീരുമാന പ്രകാരം ഭരണസമിതിയും അംഗീകരിച്ചിട്ടുണ്ട്.

1-1-1 ബജറ്റ് ഫയൽ

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 214(1) പ്രകാരം വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശം ഓരോ സ്റ്റാൻഡിംഗ് കമ്മിറ്റികളും സെക്രട്ടറിയും മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരും നല്കുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രസ്തുത നിർദ്ദേശങ്ങളെ പരിഗണിച്ചുകൊണ്ടുമാണ് ബജറ്റ് തയ്യാറാക്കേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് ഫയലിൽ സെക്രട്ടറി ഉൾപ്പെടെയുള്ള വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ബജറ്റ് നിർദ്ദേശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ പരിഗണിക്കുകയോ അവരുമായി ചർച്ച ചെയ്യുകയോ ചെയ്തിട്ടുള്ളതായി കാണിക്കുന്ന ഒരു രേഖയും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. സെക്രട്ടറിയും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരും ബജറ്റുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റും നിർദ്ദേശങ്ങളും തയ്യാറാക്കി നല്കിയിട്ടുള്ളതായി കാണുന്നില്ല.

1-1-2 നികുതി/നികുതിയേതര ഇനങ്ങളുടെ വരവ് സംബന്ധിച്ച ബജറ്റ് എസ്റ്റിമേറ്റ് വിശകലനം

സ്ഥാപനത്തിന്റെ നികുതി, നികുതിയേതര ഇനങ്ങളുടെ വരവ് സംബന്ധിച്ച ബജറ്റ് എസ്റ്റിമേറ്റിന്റേയും യഥാർത്ഥത്തിലുള്ളതിന്റേയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ഇനം	2019-20 ബജറ്റ് എസ്റ്റിമേറ്റ്	യഥാർത്ഥ വരുമാനം (ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റ് പ്രകാരം)	വ്യതിയാനം
നികുതി വരവ്	4660000	4374917	285083
വാടക	192000	189654	2346
ഫീ &യൂസർ ചാർജ്	700000	637781	62219
സെയിൽ ആന്റ് ഹയർ ചാർജ്	150000	24280	125720

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 214(1)3 പ്രകാരം വരവുകളുടെ മതിപ്പ് സവിസ്തരവും വാസ്തവികവും ആയിരിക്കേണ്ടതും മുൻവർഷത്തെ യഥാർത്ഥ വരവിൽ നിന്നുള്ള ഏതൊരു പ്രത്യക്ഷ വ്യതിയാനത്തോടുമൊപ്പം വിശദമായ കുറിപ്പുകളും വിശദീകരണവും ഉണ്ടാകേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ വരവുകളുടെ ബജറ്റ് തയ്യാറാക്കിയവേളയിൽ മേൽ നിർദ്ദേശം പാലിച്ചിട്ടില്ലായെന്നു കാണുന്നു.

1-1-3 റവന്യൂ ചെലവ് സംബന്ധിച്ച ബജറ്റ് എസ്റ്റിമേറ്റ് അവലോകനം

	2019-20 ബജറ്റ് എസ്റ്റിമേറ്റ്	യഥാർത്ഥ ചെലവ് (ഇൻകം സ്റ്റേറ്റുമെന്റ് പ്രകാരം)	വ്യതിയാനം

ജീവനക്കാര്യത്തിലേക്കുള്ള ചെലവുകൾ	8920000	7721042	1198958
ഭരണ ചെലവുകൾ	1857000	1286582	570418
സംരക്ഷണവും നടത്തിപ്പും	1566000	1200425	365575
പലിശ അനുബന്ധ ചെലവുകൾ	1000	193419	-192419

പലിശ അനുബന്ധ ചെലവുകൾ ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ അധികരിച്ചതായി കാണുന്നു. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 214(1) 6 പ്രകാരം അനിവാര്യമായ അടിയന്തിര സാഹചര്യങ്ങളിലൊഴികെ ചെലവ് ചെയ്യുന്ന സമയത്ത് പ്രാബല്യത്തിലുള്ളതായ ബജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഒരു തുകയും ചെലവഴിക്കുവാൻ പാടില്ലാത്തതാണ്. ബജറ്റ് തയ്യാറാക്കിയതിലെ അപാകതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. മറ്റ് റവന്യൂ ചെലവുകളാവട്ടെ ബജറ്റ് എസ്റ്റിമേറ്റിനേക്കാൾ വളരെ കുറവാണന്നു കാണുന്നു. സ്ഥാപനത്തിന്റെ ഒരു വർഷത്തെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്ന ആധികാരിക രേഖയെന്ന നിലയിൽ ബജറ്റ് തയ്യാറാക്കുമ്പോൾ സ്ഥാപനം കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

1-2 വാർഷിക ധനകാര്യപത്രിക.

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി	അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി	അപാകത പരിഹരിച്ച് ലഭിച്ച തീയതി
31.07.2020	02.06.2020		

1-3 ഫണ്ട് വിനിയോഗം

ഇനം	മുൻബാക്കി	തൻവർഷ വരവ് ₹	ആകെ ₹	ചെലവ് ₹	നീക്കിയിരിപ്പ് ₹
വികസനഫണ്ട് – പൊതുവിഭാഗം	--	8807000	8807000	8263287	543713
വികസനഫണ്ട് – എസ്.സി.പി.	-	2602000	2602000	1885335	716665
വികസനഫണ്ട് – ടി.എസ്.പി.	-	83000	83000	83000	0
കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്	-	6350000	6350000	3405937	2944063
മെയിന്റനൻസ് ഗ്രാന്റ് - റോഡ്	-	6842000	6842000	3166194	3675806
മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം	-	3251000	3251000	2813014	437986
ദുരിതാശ്വാസനിധി	5382	40	5422	4500	922
ഐ.സി.ഡി.എസ്.	0	201591	201591	123764	77827
ടോട്ടൽ സാനിട്ടേഷൻ	526831	201591	728422	135000	593422
വെസ്റ്റേൺഘട്ട്	257169	10315	267484	40	267444
അംഗൻവാടി കെട്ടിടനിർമ്മാണം	12000	-	12000	12000	-
ഖരമാലിന്യ നിർമ്മാർജ്ജനം	1300000	-	1300000	-	1300000
ശുചിത്വ മിഷൻ	109014	81000	190014	36000	154014
ആരോഗ്യ ഇൻഷുറൻസ്	1854	-	1854	-	1854

കേരളോത്സവം	20000	20000	40000	40000	0
പ്രളയ ദുരിതാശ്വാസ ഗ്രാന്റ്	99350	-	99350	-	99350
സംസ്ഥാനഅവാർഡ്	6510	-	6510	-	6510

ഹെഡ് നം.32030199 ൽവിവിധ ഗ്രാന്റ് തുകകൾ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ ഹെഡ് നം.32030199 ലെ നീക്കിയിരിപ്പ് തുകകൾ ഫണ്ട് വിനിയോഗത്തിൽ ചേർത്തിട്ടില്ല. പ്രളയ ദുരിതാശ്വാസ സംഭാവന വാർഷിക കണക്കിൽ മുൻബാക്കി പ്രകാരം 17071 ഉം ചെലവ് 68271 എന്നും കാണിച്ചിട്ടുണ്ട് എന്നാൽ ആർ പി 31 പ്രകാരം വരവിൽ തുകയൊന്നും കാണിച്ചിട്ടില്ല. വാർഷികകണക്കിലെ തുകകൾ പൊരുത്തപ്പെടാത്തതിനാൽ പ്രളയ ദുരിതാശ്വാസ സംഭാവന ഫണ്ട് വിനിയോഗത്തിൽ ചേർത്തിട്ടില്ല. മുൻവർഷ റിപ്പോർട്ടിൽ ടോട്ടൽ സാനിട്ടേഷൻ മറ്റിനത്തിൽ ഉൾപ്പടുത്തി ₹72900/- നീക്കിയിരിപ്പ് ഉള്ളതായി ഫണ്ട് വിനിയോഗത്തിൽ ചേർത്തിരിക്കുന്നു. എന്നാൽ മുൻവർഷ വാർഷികകണക്ക് പ്രകാരം പ്രസ്തുത നീക്കിയിരിപ്പ് കാണുന്നില്ല. ആയതിനാൽ ടി തുക ഫണ്ട് വിനിയോഗത്തിൽ ചേർത്തിട്ടില്ല.

1-4 പദ്ധതി അവലോകനം

പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിലെ രണ്ടാം വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വിവിധ സമിതി യോഗങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ	2.10.2018
പദ്ധതി ആസൂത്രണ ഗ്രാമ സഭകൾ	14.10.18-11.11.18
ജില്ലാ ആസൂത്രണ സമിതി അംഗീകാരം	28.12.18

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

അംഗീകാരം ലഭിച്ച പദ്ധതികൾ	പദ്ധതി അടങ്കൽ	നടപ്പാക്കിയ പദ്ധതികൾ	പദ്ധതി ചെലവ്	നടപ്പാക്കാത്ത പദ്ധതികളുടെ എണ്ണം	പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം
170	64848013	114	27574859	56	67.05

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥർ	പദ്ധതികളുടെ എണ്ണം	നടപ്പാക്കിയവ	അടങ്കൽ (₹)	ചെലവ് (₹)
കൃഷി ഓഫിസർ	3	3	510000	335912
മെഡിക്കൽ ഓഫിസർ(ആരോഗ്യം)	5	4	1091092	1057625
മെഡിക്കൽ ഓഫിസർ(ഹോമിയോ)	2	2	300000	300000
മെഡിക്കൽ ഓഫിസർ(ആയുർവേദം	3	3	800000	800000
വെറ്ററിനറി സർജൻ	5	5	2952000	1845320
വി.ഇ.ഒ	20	18	28848113	9188894
ഐ.സി.ഡി.എസ് സൂപ്പർവൈസർ	7	6	3175290	2174570
സെക്രട്ടറി	19	18	4841885	3353113
ഡയറി എക്സ്റ്റൻഷൻ ഓഫിസർ	1	1	1000000	353159
ഹെഡ്മാസ്റ്റർ	5	5	535320	475992
അസി.എഞ്ചിനിയർ	100	49	20794313	7690274
ആകെ	170	114	64848013	27574859

തൻ വർഷം പദ്ധതി പ്രവർത്തനങ്ങൾക്കായി വകയിരുത്തിയ തുകയുടെ 42.52% മാത്രമാണ് വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളത്. വികസന ഫണ്ട് പൊതുവിഭാഗത്തിന്റെ 86.37%ഉം എസ്.സി.പി ഫണ്ടിന്റെ 61.89% ഉം ടി.എസ്.പി ഫണ്ട് 100% ഉം വിനിയോഗിച്ചിട്ടുണ്ട്. നെൽ കൃഷി ചെയ്യാതെ തരിശായി കിടന്നിരുന്ന പരമാവധി നിലങ്ങൾ കൃഷിയിടങ്ങളാക്കി

മാറ്റുന്നതിനും നെൽ കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. മാലിന്യ സംസ്കരണ രംഗത്തും ശ്രദ്ധേയമായ പ്രവർത്തനങ്ങളാണ് കാഴ്ചവയ്ക്കുന്നത്. ഹരിത കർമ്മ സേനയുടെ സഹായത്തോടെ വീടുകളിൽ നിന്നും പ്ലാസ്റ്റിക് കളക്ട് ചെയ്ത് ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള എം.സി.എഫ്-ൽ എത്തിക്കുകയും ചെയ്യുന്ന പ്രവർത്തനം നല്ല രീതിയിൽ നടന്നുവരുന്നു. മാലിന്യം ഇടാൻ സാധ്യതയുള്ള 40 സ്ഥലങ്ങളിൽ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കാൻ തീരുമാനമെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. 1 ലക്ഷം രൂപയ്ക്കു മുകളിലുള്ള എല്ലാ പൊതുമരാമത്തു പ്രവൃത്തികളും ഇ-ടെണ്ടർ ചെയ്തു നൽകുവാൻ ഗ്രാമ പഞ്ചായത്ത് കമ്മിറ്റി ഐകകണ്ഠേന തീരുമാനമെടുത്തിട്ടുള്ളതും ശ്രദ്ധേയമാണ്. ഇതുവഴി വലിയ തുക ടെണ്ടർ സേവിംഗ്സ് ആയി നേടുന്നതിനും കഴിഞ്ഞിട്ടുണ്ട്. ജി.എസ്.ടി വിഹിതമായി കരാറുകാർക്ക് അധികമായി നൽകിയ ₹70377/-ശ്രദ്ധയിൽ പെടുത്തിയതിനെ തുടർന്ന് കരാറുകാർ ഗ്രാമ പഞ്ചായത്തിലേക്ക് തിരിച്ചടച്ചുവെന്നതും സ്വീകാര്യമായ സമീപനമാണ്.

1-5 തൊഴിലുറപ്പ് പദ്ധതി

ഫണ്ടിനം		മുന്നിരിപ്പ് ₹	വരവ് ₹	ആകെ ₹	ചെലവ് ₹	നീക്കിയിരിപ്പ് / ലാപ്സായ തുക ₹
കേന്ദ്രാവിഷ്കൃത പദ്ധതി	തൊഴിലുറപ്പ് പദ്ധതി (എസ്റ്റാബ്ലിഷ്മെന്റ്)	5362	413168	418530	418530	0
	തൊഴിലാളികളുടെ കൂലി	0	5279000	5279000	5279000	0
	മെറ്റീരിയൽ	0	571000	571000	571000	0

തൊഴിലുറപ്പുപദ്ധതി കാഷ്ബുക്കു പ്രകാരമുള്ള വരവ് ചെലവ് തുകകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. കാഷ്ബുക്ക് പ്രകാരമുള്ള തുകയാണ് ഖണ്ഡികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	22320	9
കർഷകതൊഴിലാളി പെൻഷൻ	1969200	322
വിധവാപെൻഷൻ	2415000	422
വാർദ്ധക്യകാലപെൻഷൻ	5839500	998
വികലാംഗപെൻഷൻ	888900	149
അവിവാഹിതർക്കുള്ള പെൻഷൻ	129600	24

1-7 കാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.10.2021 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹2343/-(രണ്ടായിരത്തി മുന്നൂറ്റി നാൽപത്തി മൂന്ന് രൂപ) ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-8 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഉത്തരവു പ്രകാരം ജോലി വിഭജനം നടത്തി നിർവ്വഹണ ചുമതല ജീവനക്കാരെ ഏൽപിച്ചിട്ടുണ്ട്. നികുതി തുകകൾ

പിരിച്ചെടുക്കുന്നതിൽ പ്രത്യേക ശ്രദ്ധ ചെലുത്തുന്നുണ്ട്. നികുതി പിരിവ്, മാലിന്യ നിർമ്മാർജ്ജനം എന്നിവയിൽ കൈവരിച്ചിട്ടുള്ള നേട്ടങ്ങളുടെ അടിസ്ഥാനത്തിൽ മുൻ വർഷങ്ങളിൽ തുടർച്ചയായി 2 തവണ ജില്ലയിലെ മികച്ച രണ്ടാമത്തെ ഗ്രാമ പഞ്ചായത്തായി മണക്കാട് തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വിവിധോദ്ദേശ്യങ്ങൾക്കായി ലഭിച്ചിട്ടുള്ള ഗ്രാന്റ് തുകകൾ ചെലവഴിക്കാതെ തനതുഫണ്ടിൽ സൂക്ഷിച്ചിട്ടുണ്ടങ്കിലും പ്രസ്തുത തുകകളുടെ വിനിയോഗ വിവരം കാണിക്കുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി തയ്യാറാക്കിയിട്ടില്ല. വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പൊതുടാപ്പുകളുടെ എണ്ണം നിജപ്പെടുത്തിയിട്ടില്ല. പ്രതിമാസ നിരക്കിലുള്ള വെള്ളക്കരം കൃത്യമായി ഒടുക്കുവരുത്തുന്നുണ്ടെങ്കിലും ഒടുക്കു വരുത്തിയ തുക വാട്ടർ അതോറിറ്റി കുടിശ്ശിക തുകയിൽ ഉൾപ്പെടുത്തി ഡിമാന്റ് ചെയ്യുവരുന്നു. വെള്ളക്കരം ഡിമാന്റ് തുകയിലെ അപാകത കണ്ടെത്തി വാട്ടർ അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും ന്യൂനത പരിഹരിക്കുന്നതിനും ഗ്രാമ പഞ്ചായത്തിനു കഴിഞ്ഞിട്ടില്ല. തരിശു നിലം കണ്ടെത്തി നെൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പ്രത്യേക ശ്രദ്ധ ചെലുത്തിയിട്ടുണ്ട്.

1-9 ഡിപ്രിസിയേഷൻ

ഡിപ്രിസിയേഷൻ ഇനത്തിൽ രൂ. 2403024 ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റ് ഐ17(എ) ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഈ ഇനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന തുക കേരള പഞ്ചായത്ത് അക്കൌണ്ട്സ് ചട്ടങ്ങൾ 2011 (ജി.ഒ (എം.എസ്.) 82/2011 ത സ്വ ഭ വ തീ 28.3.2011, ജി. ഒ (എം എസ്)നം. 152/2011 ത സ്വ ഭ വ തീ 26.7.2011 എന്നിവയിൽ അനുശാസിക്കും പ്രകാരം കണക്കാക്കിയിട്ടുള്ളതാണോയെന്ന് വ്യക്തമല്ല.

1-10 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ, മറ്റ് സ്ഥാപനങ്ങൾ, വകുപ്പുകൾ തുടങ്ങിയവ നൽകുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ്, മിച്ചം വന്ന തുകയുടെ തിരിച്ചടവ് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല. വിവിധ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ രേഖപ്പെടുത്താത്തതിനാൽ വാർഷിക കണക്കുകളിൽ കൊടുത്തിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് സാധിക്കുന്നില്ല.

1-11 പ്രളയ ദുരിതാശ്വാസ സംഭാവന-വരവ് ചെലവുകൾ പൊരുത്തപ്പെടുന്നില്ല

പ്രളയ ദുരിതാശ്വാസ സംഭാവന (ഹെഡ് നം. 320800299) ൽ മുന്നിരിപ്പ് രൂ.17071 ആണ്. റസിപ്റ്റ് ആന്റ് പെയ്മെന്റ് ആർ പി 31(വരവ്) പ്രകാരം തൻ വർഷം വരവ് ഇല്ല. എന്നാൽ റസിപ്റ്റ് ആന്റ് പെയ്മെന്റ് ആർ പി 31(ചെലവ്) പ്രകാരം 68271 ചെലവ് വന്നിട്ടുള്ളതായി കാണിച്ചിരിക്കുന്നു. അപാകത പരിഹരിക്കേണ്ടതാണ്.

1-12 വാടകക്കുടിശ്ശിക തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു

പഞ്ചായത്തിലെ വാടകക്കുടിശ്ശികയിനത്തിൽ വാർഷികക്കണക്ക് ബി-15 ഷെഡ്യൂളിൽ ₹3608/- അവശേഷിക്കുന്നു എന്നത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.4/29-10-21 നൽകിയിരുന്നു. മറുപടിയായി ഇതിൽ ₹1944/-, റൂം നം.(13 V/210) എന്ന കെട്ടിടത്തിന് 2019-20 ൽ എഗ്രിമെന്റ് പുതുക്കാത്ത ശ്രീകുമാർ എന്ന വ്യക്തിയുടെ പേരിൽ ക്ലറിക്കൽ പിഴവ് മൂലം ഡിമാന്റ് കയറി വന്ന് സംഭവിച്ചതാണെന്നും ടി കെട്ടിടം ഉപയോഗയോഗ്യമല്ലാത്തതിനാൽ 25-09-21 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 15(2) നമ്പർ തീരുമാന പ്രകാരം വാടക അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെന്നും അറിയിച്ചു. ബാക്കി തുക ₹1664/- വർഷങ്ങളായി അരിയർ ഡിമാന്റിൽ ഏത് തുക എന്നറിയാതെ അവശേഷിക്കുന്നതാണെന്നും കമ്മിറ്റിത്തീരുമാനത്തിന് വിധേയമായി അത് ഡിമാന്റിൽ നിന്ന് ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിൽ വാടകക്കെട്ടിടങ്ങളുടെ കരാർ തയ്യാറാക്കുമ്പോൾ വാടകക്കാരന്റെ പേരിൽ മുദ്രപ്പത്രം മാത്രം വാങ്ങി, കരാർ എഴുതാതെ സൂക്ഷിച്ചിരിക്കുന്നു. മുദ്രപ്പത്രത്തിൽ വാടകത്തുക, മറ്റ് വിശദവിവരങ്ങൾ ഉൾപ്പടെ കരാർ എഴുതി പൂർത്തീകരിച്ച് സൂക്ഷിക്കേണ്ടതാണ്. വാർഷികക്കണക്ക്, രജിസ്റ്റർ എന്നിവ തയ്യാറാക്കുമ്പോൾ വിവരങ്ങൾ ആധികാരികമായിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഡിമാന്റ്, ബാലൻസ് എന്നതിൽ തെറ്റായി കയറിവന്നതും വർഷങ്ങളായി കിടക്കുന്നതുമായ വാടക തുകകൾ ഒഴിവാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

1-13 പെർമിറ്റ് അപേക്ഷ- തുടർ നടപടികൾ സ്വീകരിച്ചില്ല

പഞ്ചായത്തിൽ ചിറ്റൂർ വാർഡിൽ റീസർവ്വേ നം. 232/6, 231/3 എന്നിവയിൽ പെട്ട സ്ഥലത്ത് ആഡിറ്റോറിയം(അസംബ്ലി ബിൽഡിങ്ങ്) നിർമ്മിക്കുന്നതിനുള്ള പെർമിറ്റിനായി 16/08/2019 ൽ സെന്റ് ജോർജ്ജ് ചർച്ച് ചിറ്റൂർ അപേക്ഷ സമർപ്പിച്ചിരുന്നു. ടി കെട്ടിടത്തിന് 3314 ച.മീ. വിസ്തീർണ്ണം ഉള്ളതിനാൽ അംഗീകാരത്തിനായി പഞ്ചായത്ത് ജില്ലാ ടൗൺ പ്ലാനർക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. കൂടാതെ ചർച്ചിന്റെ കോമ്പൗണ്ടിനകത്ത് വരുന്നതിനാൽ മതപരമായ ക്ലാസ്സുകൾ തുടങ്ങിയവ നടത്താൻ സാധ്യതയുള്ളതിനാൽ ജില്ലാ കളക്ടറുടെ അനുവാദത്തിനും പഞ്ചായത്ത് അപേക്ഷിച്ചിരുന്നു. എന്നാൽ ജില്ലാ കളക്ടറുടെ അനുമതി ലഭ്യമായിട്ടില്ലെന്ന് മാത്രമല്ല, സമർപ്പിച്ച പ്ലാനിൽ ഉള്ള നിരവധിയായ അപാകതകൾ പരിഹരിച്ച് പ്ലാൻ പുനർ സമർപ്പിക്കണമെന്ന് നിർദ്ദേശിച്ച് ടൗൺപ്ലാനർ 20-09-2019 ൽ കത്ത് അയച്ചിരുന്നു. 15/11/2019 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 9(1) തീരുമാന പ്രകാരം അവശ്യമായ രേഖകളുടെയും സമ്മതപത്രങ്ങളുടെയും അടിസ്ഥാനത്തിൽ ഹാൾ നിർമ്മിക്കുന്നതിന് പെർമിറ്റ് നൽകാവുന്നതാണെന്ന് തീരുമാനിച്ചിട്ടുമുണ്ട്. എന്നാൽ ടി പെർമിറ്റ് സംബന്ധിച്ച തുടർ നടപടികളൊന്നും ഫയലിൽ ലഭ്യമല്ല. 2019ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ റൂൾ 9 പ്രകാരം അപേക്ഷ ലഭിച്ച് മുപ്പത് ദിവസത്തിനകം രേഖാമൂലം പെർമിറ്റ് അംഗീകരിക്കുകയോ നിരസിക്കുകയോ ചെയ്ത വിവരം അപേക്ഷകനെ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം പെർമിറ്റ് ലഭിച്ചതായി കണക്കാക്കി അപേക്ഷകന് നിയമത്തിന്റെയോ ചട്ടങ്ങളുടെയോ പിൻബലമില്ലാതെ നിർമ്മാണം തുടങ്ങാവുന്നതാണ് എന്നിരിക്കെ അപേക്ഷകന് പെർമിറ്റ് നൽകുകയോ നിരസിച്ചതായി അറിയിപ്പ് നൽകുകയോ ചെയ്തിട്ടുണ്ടോ, അസംബ്ലി ഹാൾ നിർമ്മാണം ആരംഭിച്ചിട്ടുണ്ടെങ്കിൽ നിലവിലെ അവസ്ഥ എന്നിവ സംബന്ധിച്ച് വിവരമറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.12/06-11-2021 നൽകിയിരുന്നു. ഫയലിൽ ലഭ്യമായിരുന്ന മേൽ സൂചിത വിവരങ്ങൾ മാത്രം ഉൾപ്പെടുത്തി, ടി കെട്ടിട നിർമ്മാണം ആരംഭിച്ചോ എന്ന വിവരം നൽകാതെയാണ് പഞ്ചായത്ത് മറുപടി ലഭ്യമാക്കിയത്. പെർമിറ്റ് അപേക്ഷ നിരസിച്ച വിവരം അപേക്ഷകനെ അറിയിക്കാത്തത് പഞ്ചായത്തിന്റെ ഭാഗത്ത് നിന്നുള്ള വീഴ്ചയാണ്. കെട്ടിടനിർമ്മാണ ചട്ട പ്രകാരം പെർമിറ്റ് നിരസിച്ച വിവരം അപേക്ഷകനെ അറിയിക്കാതിരിക്കുന്നത് നിർമ്മാണത്തിന് പഞ്ചായത്ത് മൗനാനുവാദം നൽകിയതിന് തുല്യമായി ഓഡിറ്റ് വിലയിരുത്തുന്നു. ടൗൺ പ്ലാനർ, ജില്ലാ കളക്ടർ എന്നിവർ നിർമ്മാണാനുവാദം നൽകാത്ത ടി അപേക്ഷ സംബന്ധിച്ച വിവരം അപേക്ഷകനെ അറിയിക്കാത്ത ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുള്ള ഇത്തരം വീഴ്ച തികച്ചും നിരുത്തരവാദവും അപലപനീയവുമാണ്. ടി കെട്ടിട നിർമ്മാണം ആരംഭിച്ചോ, പഞ്ചായത്ത് തുടർ നടപടികൾ സ്വീകരിച്ചോ തുടങ്ങിയ വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-14 ഓഡിറ്റ് ഇംപാക്ട് -കരാറുകാർക്ക് അധികമായി നൽകിയ ₹70377/-ഗ്രാമ പഞ്ചായത്തിലേക്ക് തിരിച്ചടച്ചു

അസി.എഞ്ചിനിയർ നിർവ്വഹണം നടത്തിയ പൊതുമരാമത്ത് പ്രവൃത്തികളിൽ കരാറുകാർക്ക് ജി.എസ്.ടി നഷ്ടപരിഹാരമിനത്തിൽ അധികമായി നൽകിയ ₹70377/-ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയതിനെ തുടർന്ന് കരാറുകാർ ഗ്രാമ പഞ്ചായത്തിലേക്ക് തിരിച്ചടച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പ്രവൃത്തിയുടെ പേര്	തിരിച്ചടച്ച തുക(₹)	രസീതു നം./തീയതി
പുതുപ്പരിയാരം എസ്.സി കോളനിയിലെ പഞ്ചായത്ത് വക കെട്ടിടം പുനരുദ്ധാരണം (112/20)	50383/-	1210101079/3.11.21
കോലടി അംഗൻവാടിക്ക് ശിശു സൗഹൃദ ടോയ്‌ലറ്റ് (74/20)	19994/-	1210101055/30.10.21

ആകെ	70377/-	

₹70377/-സർക്കാരിലേക്ക് അടച്ച് വിവരം അറിയിക്കേണ്ടതാണ്.

1-15 ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ പ്രവൃത്തികളിൽ നിന്നും ഓവർ ഹെഡ് ചാർജ്ജ് കുറവ് ചെയ്തില്ല

ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കിയ താഴെപ്പറയുന്ന പൊതുമരാമത്ത് പ്രവൃത്തികളിൽ നിന്നും ഓവർ ഹെഡ് ചാർജ്ജ് കുറവ് ചെയ്യാത്തതുമൂലം കൺവീനർമാർക്ക് അധികം തുക നൽകിയിട്ടുണ്ട്. 7.5% ഓവർ ഹെഡ് ചാർജ്ജുൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയ പ്രവൃത്തിയിൽ നിന്നും ഐ.ടി വിഹിതം മാത്രമാണ് കുറവ് ചെയ്തിട്ടുള്ളത്.

1.പള്ളിപ്പുറം കോനാട്ടുമല റോഡ് കോൺക്രീറ്റിംഗ്

പ്രോജക്ട് നം.	167/20
പദ്ധതി അടങ്കൽ	₹49000/-(മെയിന്റനൻസ് ഗ്രാന്റ് റോഡ്)
കൺവീനർ	ബാബു ജോസഫ് താന്നിക്കൽ
കരാർ നം	52/24.2.20
അളവു ബുക്ക്	52/19-20
ബിൽ നം&തുക	1900552016901497187/14.3.20;₹48203/-

ആകെ പ്രവൃത്തി മൂല്യമായ ₹48203/-യിൽ നിന്നും 5% നിരക്കിലുള്ള ഓവർ ഹെഡ് ചാർജ്ജ് ₹2410/-കുറവ് ചെയ്ത് ₹45793/-യായിരുന്നു കൺവീനർക്ക് അനുവദിക്കേണ്ടിയിരുന്നത്.

2.പീടികത്തടം കോലടി ലക്ഷം വീട് റോഡ് സൈഡ് കെട്ട്

പ്രോജക്ട് നം.	76/20
പദ്ധതി അടങ്കൽ	₹49000/-(മെയിന്റനൻസ് ഗ്രാന്റ് റോഡ്)
കൺവീനർ	സെബാസ്റ്റ്യൻ കുര്യൻ
കരാർ നം	37/13.1.20
അളവു ബുക്ക്	37/19-20
ബിൽ നം.&തുക	1900552016901367935/28.2.20;₹43589/-

ആകെ പ്രവൃത്തി മൂല്യമായ ₹43589/-യിൽ നിന്നും 5% നിരക്കിലുള്ള ഓവർ ഹെഡ് ചാർജ്ജ് ₹2179/-കുറവ് ചെയ്ത് ₹41410/-യായിരുന്നു കൺവീനർക്ക് അനുവദിക്കേണ്ടിയിരുന്നത്.

ഗുണഭോക്തൃ സമിതി കൺവീനർമാർക്ക് അധികം തുക നൽകിയതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.3/28.10.21) ജി.ഒ(പി) നം.30/2016/Fin തീയതി 29.02.2016 പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതെന്നും നിലവിൽ ബാധകമായ ഐ.ടി, നിർമ്മാണ തൊഴിലാളി ക്ഷേമ നിധി എന്നിവ ബില്ലിൽ നിന്നും കുറവു ചെയ്തിട്ടുണ്ടെന്നും ആയതിനാൽ അധിക തുക കൺവീനർമാർക്ക് നൽകിയിട്ടില്ലെന്നും മറുപടി നൽകിയിട്ടുണ്ട്. ഗുണഭോക്തൃ സമിതികൾ വഴി നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് 7.5% ഓവർ ഹെഡ് ചാർജ്ജ് കൂടി ഉൾപ്പെടുത്തിയാണ് തയ്യാറാക്കിയിട്ടുള്ളതെങ്കിൽ 01.07.2017 മുതൽ വാറ്റ് നിലവിലില്ലാത്തതിനാൽ ബില്ലിൽ നിന്നും 5% തുക കുറവു ചെയ്യണമെന്ന് 16.03.2018 ലെ DB3-9058/17/CE/LSGD നമ്പർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ഓവർ ഹെഡ് ചാർജ്ജ് കുറവു ചെയ്യാത്തതുമൂലമുണ്ടായ നഷ്ടം ₹4589/- ഉത്തരവാദിയായ അസി.എഞ്ചിനിയർ ശ്രീ. പി.കെ ഷാഹുൽ ഹമീദിൽ നിന്നും ഈടാക്കേണ്ടതാണ്.

1-16 പാർട്ട് ബിൽ കൈപ്പറ്റിയ ശേഷം തുടർ പ്രവൃത്തികൾ ഉപേക്ഷിച്ച നിലയിൽ

അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായിട്ടുള്ള താഴെപ്പറയുന്ന പൊതുമരാമത്ത് പ്രവൃത്തികൾ ഭാഗികമായി നടപ്പിലാക്കി പാർട്ട് ബിൽ തുക കൈപ്പറ്റിയ ശേഷം തുടർ പ്രവൃത്തികൾ ഉപേക്ഷിച്ച നിലയിലാണ്.

1.പള്ളിപ്പുറം കോതാട്ടുമല റോഡ് മെയിന്റനൻസ്

പ്രോജക്ട് നം	74/20
അടങ്കൽ തുക	₹151000/-(മെയിന്റനൻസ് ഗ്രാന്റ് റോഡ്)
കരാറുകാരൻ	പ്രിൻസ് ടി മാത്യു
അളവു ബുക്ക്	13/19-20
കരാർ നം	13/19.11.19
ബിൽ നം.&തുക	19100552016901378309/29.2.20;₹114839/-

28.4മീ നീളത്തിലും 3മീ വീതിയിലും റോഡ് കോൺക്രീറ്റിംഗ്, സംരക്ഷണ ഭിത്തി നിർമ്മാണം എന്നിവയായിരുന്നു പ്രധാന പ്രവൃത്തി ഇനങ്ങൾ. റോഡ് കോൺക്രീറ്റിംഗ് പൂർത്തിയാക്കി പാർട്ട് ബില്ലിനത്തിൽ ₹114839/-കൈപ്പറ്റിയിട്ടുണ്ടെങ്കിലും റോഡിന്റെ സംരക്ഷണ ഭിത്തി നിർമ്മാണം നാളിതുവരെയും നടപ്പാക്കിയിട്ടില്ല.

2.ചിറ്റൂർ കാരക്കുന്നം റോഡ് ടാറിംഗ്&റീടാറിംഗ്

പ്രോജക്ട് നം	55/19&115/20
അടങ്കൽ തുക	₹580000/-(മെയിന്റനൻസ് ഗ്രാന്റ് റോഡ്)
കരാറുകാരൻ	ബിജു എം.ബി
അളവു ബുക്ക്	55/18-19
കരാർ നം	55/25.2.19
ബിൽ നം.&തുക	18100552016901476529/22.3.19;₹68595/- 18100552011690147652 3/22.3.19;₹96565/- 19100552016900190833/5.4.19;₹268124/-

ടാറിംഗ്, റീടാറിംഗ്, കോൺക്രീറ്റിംഗ് എന്നീ പ്രവൃത്തി ഇനങ്ങൾ ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. എസ്റ്റിമേറ്റ് നിരക്കിലാണ് കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്തിരുന്നത്. റീടാറിംഗ്, കോൺക്രീറ്റിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ച് ഒന്നും രണ്ടും പാർട്ട് ബില്ലുകൾ പ്രകാരം കരാറുകാരൻ ₹433284/- കൈപ്പറ്റിയിട്ടുണ്ടെങ്കിലും ടാറിംഗ് പ്രവൃത്തികൾ നാളിതുവരെയും പൂർത്തീകരിച്ചിട്ടില്ല.

പ്രവൃത്തികൾ പൂർത്തീകരിക്കാത്തതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന്(എൻക്വയറി നം.6/28.10.210) ക്രമ നമ്പർ ഒന്നായി പരാമർശിച്ചിട്ടുള്ള പ്രവൃത്തിയിൽ ഗുണഭോക്താക്കൾ സ്വന്തം നിലയിൽ സംരക്ഷണ ഭിത്തി നിർമ്മാണ പ്രവൃത്തികൾ നടത്തിയതിനാൽ പ്രസ്തുത ഇനം പ്രവൃത്തി ആവശ്യമായി വന്നില്ലെന്ന് അറിയിച്ചിട്ടുണ്ട്. രണ്ടാമതായി പരാമർശിച്ചിട്ടുള്ള ചിറ്റൂർ കാരക്കുന്നം റോഡ് ടാറിംഗ് എന്ന പ്രവൃത്തിയിൽ ടാറിംഗ് ചെയ്യാനുദ്ദേശിച്ചിരുന്ന സ്ഥലത്ത് കൂടുതൽ വെള്ളക്കെട്ട് കാണപ്പെട്ടതിനാൽ പ്രവൃത്തി ഉപേക്ഷിക്കുകയായിരുന്നുവെന്നും മറുപടി നൽകിയിട്ടുണ്ട്. എന്നാൽ രണ്ട് പ്രവൃത്തികളിലും പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരം വാങ്ങേണ്ടതായിരുന്നെങ്കിലും അപ്രകാരമുള്ള നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. മാത്രമല്ല പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയാൽ ലഭിക്കുമായിരുന്ന സേവിംഗ്സ് തുക മറ്റ് പ്രവൃത്തികൾക്ക് വിനിയോഗിക്കുകയും ചെയ്യാമായിരുന്നു. കൃത്യമായ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് മരാമത്തു പ്രവൃത്തികൾ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-17 വെള്ളക്കരമിനത്തിൽ കേരള വാട്ടർ അതോറിറ്റി അധികം ഈടാക്കിയ തുക തിരികെ നൽകിയിട്ടില്ല

2010-11 സാമ്പത്തിക വർഷം വരെ 203 പൊതു ടാപ്പുകൾക്ക് പ്രതിമാസം ₹59208/-നിരക്കിലാണ് വെള്ളക്കരം ഈടാക്കിവന്നിരുന്നത്. 25.10.11 മുതൽ 30.10.11 തീയതികളിൽ ഗ്രാമ പഞ്ചായത്തും കേരള വാട്ടർ അതോറിറ്റിയും ചേർന്ന് നടത്തിയ സംയുക്ത പരിശോധനയിൽ പൊതുടാപ്പുകളുടെ എണ്ണം 135 ആയി നിജപ്പെടുത്തിയിട്ടുണ്ട്. നിലവിൽ വെള്ളക്കരമിനത്തിൽ പ്രതിമാസം ₹59063/-യാണ് വാട്ടർ അതോറിറ്റി ഈടാക്കി വരുന്നത്. സംയുക്ത പരിശോധനയെ

തുടർന്ന് പൊതുടാപ്പുകളുടെ എണ്ണം 135 ആയി നിജപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലുള്ള വെള്ളക്കരം(₹39375) വാട്ടർ അതോറിറ്റി പ്രാബല്യത്തിൽ വരുത്തിയിട്ടുള്ളത് 9/12 മുതലാണ്. 11/2011 മുതൽ 8/12 വരെയുള്ള 10 മാസ കാലയളവിൽ വെള്ളക്കരമിനത്തിൽ ₹198330/-വാട്ടർ അതോറിറ്റി ഗ്രാമ പഞ്ചായത്തിൽ നിന്നും ഈടാക്കുകയും ചെയ്തിട്ടുണ്ട്(₹592080-393750). അധികമായി ഈടാക്കിയ വെള്ളക്കരം തിരികെ ലഭിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിക്ക് നിരന്തരം കത്തുകൾ അയച്ചിട്ടും പ്രതികരണമൊന്നും ലഭിക്കാത്തതിനെ തുടർന്ന് 11/14 മുതൽ 01/15 വരെയുള്ള വെള്ളക്കരം അധികമായി ഒടുക്കിയ തുകയിൽ അഡ്ജസ്റ്റ് ചെയ്തിരുന്നു. എന്നാൽ വാട്ടർ അതോറിറ്റി ടി തുകയും പലിശയും ഉൾപ്പെട്ട കുടിശിക തുകയ്ക്ക് ഗ്രാമ പഞ്ചായത്തിന് ഡിമാന്റ് നോട്ടീസ് അയയ്ക്കുകയും ചെയ്തു. 2018-19, 2019-20 വർഷങ്ങളിൽ ഗ്രാമ പഞ്ചായത്തിന് അനുവദിച്ചിരുന്ന വികസന ഫണ്ട്(പൊതു വിഭാഗം),പൊതു ആവശ്യ ഫണ്ട് തുകകളുടെ സ്രോതസ്സുകളിൽ നിന്നും വെള്ളക്കരം കുടിശികയിനത്തിൽ സർക്കാർ ₹154287/-കുറവു വരുത്തുകയും ചെയ്തിട്ടുണ്ട്. വെള്ളക്കരമിനത്തിൽ വാട്ടർ അതോറിറ്റി അധികമായി ഈടാക്കിയ ₹198330/- തിരികെ ലഭിക്കുന്നതിനായി സർക്കാരിനെ സമീപിക്കുവാൻ 7.05.19 ലെ 3(1) അജണ്ട പ്രകാരം ഗ്രാമ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ട്. തുക തിരികെ ലഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള തുടർ നടപടി വിവരങ്ങൾ അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.8/01.11.21) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 07.05.19 ലെ 3(1) നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 23.05.19 ലെ എ1-1229/19 നമ്പർ കത്തു പ്രകാരം പഞ്ചായത്ത് ഡയറക്ടർ മുഖേന തുടർനടപടികൾക്കായി സർക്കാരിനെ സമീപിച്ചിരുന്നുവെന്നും വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ആ വകുപ്പുമായി ബന്ധപ്പെട്ട് തീർപ്പാക്കുവാൻ ധനകാര്യ വകുപ്പിൽ നിന്നും ലഭിച്ച നിർദ്ദേശത്തെ (SFC-A2/128/2019 Dt 6.8.19) തുടർന്ന് പഞ്ചായത്ത് വകുപ്പ് ഡയറക്ടർ 29.11.19 ൽ വാട്ടർ അതോറിറ്റിയും ഗ്രാമ പഞ്ചായത്തും തമ്മിലുള്ള സംയുക്ത സമഗ്ര പരിശോധനയുടെ അടിസ്ഥാനത്തിൽ പ്രശ്ന പരിഹാരം കാണുവാൻ നിർദ്ദേശിച്ചിട്ടുള്ളതായി കാണുന്നു. പഞ്ചായത്ത് വകുപ്പ് ഡയറക്ടരുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന, വാട്ടർ ചാർജ്ജ് കുടിശിക എന്നിവ സംബന്ധിച്ച തീരുമാനത്തിനായി വാട്ടർ അതോറിറ്റിയെ പല തവണ സമീപിച്ചെങ്കിലും വാട്ടർ അതോറിറ്റിയുടെ ഭാഗത്തു നിന്നും ക്രിയാത്മക നടപടികളുണ്ടായിട്ടില്ല. വാട്ടർ അതോറിറ്റിയുടെ ഭാഗത്തു നിന്നും നടപടികളൊന്നുമുണ്ടാകാത്ത സാഹചര്യത്തിൽ കോടതി നടപടികളിലൂടെ തുക ഈടാക്കുന്നതു സംബന്ധിച്ച് നിയമോപദേശം തേടേണ്ടതാണ്.

1-18 മരുന്നുകൾ ലഭ്യമായിട്ടില്ല

താഴെ സൂചിപ്പിക്കുന്ന പദ്ധതികളിലായി പഞ്ചായത്തിലെ വിവിധ ആശുപത്രികളിലേയ്ക്ക് ആവശ്യമുള്ള മരുന്നുകൾ നാളിതു വരെ ലഭ്യമായിട്ടില്ല.

പദ്ധതിയുടെ പേര്, നമ്പർ	ബിൽ നമ്പർ/തുക	മരുന്ന് ലഭ്യമായത്₹	ലഭ്യമാകാൻ അവശേഷിക്കുന്നത്₹
പാലിയേറ്റീവ് കെയർ(29/20)	19100552018701379344/29-02-20/39097 കെഎംസിഎൽ	29,033	10,064
സിദ്ധ ഡിസ്പെൻസറിയ്ക്ക് മരുന്നു വാങ്ങൽ(16/20)	19100552013300501080/26-08-19/350,000 ഇൻഡ്യൻ മെഡിക്കൽ പ്രാക്ടീഷ്നേഴ്സ് കോ-ഓപ്പറേറ്റീവ് ഫാർമസി ആൻഡ് സ്റ്റോഴ്സ്	3,13,188.3	36,811.7

മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കി ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

1-19 നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി -അപാകതകൾ

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി എന്ന പദ്ധതിയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

പദ്ധതി നമ്പർ / പദ്ധതി	ബിൽ നമ്പർ/ തിയതി /തുക	റിമാർക്സ്.
S0011/20, നെൽ കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി	19100552013000952413/16-12-2019/തുക5780 19100552013000952538/16-12-19/തുക79305 19100552013001274 82/	ഗുണഭോക്താവ് സ്വന്തമായോ പാട്ടത്തിനോ നെൽ കൃഷി ചെയ്യുന്നതിന് ഭൂമിയുള്ളവരാണെന്ന് തെളിയിക്കുന്ന രേഖകൾ

	14-2-2020/തുക37910 19100552013001535241/ 18-3-2020/തുക2448	അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടില്ല. കൂടാതെ അപേക്ഷയിൽ ഗുണഭോക്താക്കൾ കൃഷി ചെയ്തിട്ടുണ്ടെന്നുള്ള കൃഷി ഓഫീസറുടെ സാക്ഷ്യപ്പെടുത്തലും ഇല്ല.

അപേക്ഷയോടൊപ്പം സ്ഥലത്തിന്റെ കരം കെട്ടിയ രസീത് ഹാജരാക്കാത്തവരുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു

1)	ജോസ് മാത്യു, താനത്ത് പറമ്പിൽ
2)	ജോസ് നിരപ്പേൽ
3)	എൻ.മോഹൻദാസ്,കൊച്ചു പുത്തൻപുരയിൽ
4)	ബാബു.എം.സി മണ്ണോലിക്കൽ

ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭ്യമാക്കുമ്പോൾ രേഖകൾ കൃത്യമാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പു വരുത്തേണ്ടതാണ്.

1-20 ഫയൽ ഹാജരാക്കിയിട്ടില്ല

പദ്ധതി	ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി
പദ്ധതി നമ്പർ	10/19-20
ചെലവ്	ചെലവ്പ്ലാൻ വിഹിതം 153159/-
ജില്ലാപഞ്ചായത്ത് വിഹിതം	രൂ.200000/-

2019-20 വർഷം ക്ഷീരവികസന ഓഫീസർ നിർവ്വഹണം നടത്തിയ ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി എന്ന പദ്ധതിക്കായി രൂ.353159 ചിലവഴിച്ചിട്ടുണ്ട്.എന്നാൽ ജില്ലാപഞ്ചായത്ത് വിഹിതം രൂ.200000/-ചിലവഴിച്ചതിന്റെ ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഫയലുകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

3-1 ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കിയ പ്രവൃത്തികളിൽ നിന്നും ഓവർഹെഡ് ചാർജ്ജ് കുറവ് ചെയ്തില്ല

ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കിയ താഴെപ്പറയുന്ന പൊതുമരാമത്ത് പ്രവൃത്തികളിൽ നിന്നും ഓവർ ഹെഡ് ചാർജ്ജ് കുറവ് ചെയ്യാത്തതുമൂലം കൺവീനർമാർക്ക് അധികം തുക നൽകിയിട്ടുണ്ട്. 7.5% ഓവർ ഹെഡ് ചാർജ്ജുൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയ പ്രവൃത്തിയിൽ നിന്നും ഐ.ടി വിഹിതം മാത്രമാണ് കുറവ് ചെയ്തിട്ടുള്ളത്.

1.പള്ളിപ്പുറം കോനാട്ടുമല റോഡ് കോൺക്രീറ്റിംഗ്

പ്രോജക്ട് നം.	167/20
പദ്ധതി അടങ്കൽ	₹49000/-(മെയിന്റനൻസ് ഗ്രാന്റ് റോഡ്)
കൺവീനർ	ബാബു ജോസഫ് താന്നിക്കൽ
കരാർ നം	52/24.2.20
അളവു ബുക്ക്	52/19-20

ബിൽ നം&തുക	1900552016901497187/14.3.20;₹48203/-

ആകെ പ്രവൃത്തി മൂല്യമായ ₹48203/-യിൽ നിന്നും 5% നിരക്കിലുള്ള ഓവർ ഹെഡ് ചാർജ്ജ് ₹2410/-കുറവ് ചെയ്ത് ₹45793/-യായിരുന്നു കൺവീനർക്ക് അനുവദിക്കേണ്ടിയിരുന്നത്.

2.പീടികത്തടം കോലടി ലക്ഷം വീട് റോഡ് സൈഡ് കെട്ട്

പ്രോജക്ട് നം.	76/20
പദ്ധതി അടങ്കൽ	₹49000/-(മെയിന്റനൻസ് ഗ്രാന്റ് റോഡ്)
കൺവീനർ	സെബാസ്റ്റ്യൻ കുര്യൻ
കരാർ നം	37/13.1.20
അളവു ബുക്ക്	37/19-20
ബിൽ നം.&തുക	1900552016901367935/28.2.20;₹43589/-

ആകെ പ്രവൃത്തി മൂല്യമായ ₹43589/-യിൽ നിന്നും 5% നിരക്കിലുള്ള ഓവർ ഹെഡ് ചാർജ്ജ് ₹2179/-കുറവ് ചെയ്ത് ₹41410/-യായിരുന്നു കൺവീനർക്ക് അനുവദിക്കേണ്ടിയിരുന്നത്.

ഗുണഭോക്തൃ സമിതി കൺവീനർമാർക്ക് അധികം തുക നൽകിയതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.3/28.10.21) ജി.ഒ(പി) നം.30/2016/Fin തീയതി 29.02.2016 പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതെന്നും നിലവിൽ ബാധകമായ ഐ.ടി, നിർമ്മാണ തൊഴിലാളി ക്ഷേമ നിധി എന്നിവ ബില്ലിൽ നിന്നും കുറവു ചെയ്തിട്ടുണ്ടെന്നും ആയതിനാൽ അധിക തുക കൺവീനർമാർക്ക് നൽകിയിട്ടില്ലെന്നും മറുപടി നൽകിയിട്ടുണ്ട്. ഗുണഭോക്തൃ സമിതികൾ വഴി നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് 7.5% ഓവർ ഹെഡ് ചാർജ്ജ് കൂടി ഉൾപ്പെടുത്തിയാണ് തയ്യാറാക്കിയിട്ടുള്ളതെങ്കിൽ 01.07.2017 മുതൽ വാറ്റ് നിലവിലില്ലാത്തതിനാൽ ബില്ലിൽ നിന്നും 5% തുക കുറവു ചെയ്യണമെന്ന് 16.03.2018 ലെ DB3-9058/17/CE/LSGD നമ്പർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ഓവർ ഹെഡ് ചാർജ്ജ് കുറവു ചെയ്യാത്തതുമൂലമുണ്ടായ നഷ്ടം ₹4589/- ഉത്തരവാദിയായ അസി.എഞ്ചിനിയർ ശ്രീ. പി.കെ ഷാഹുൽ ഹമീദിൽ നിന്നും ഈടാക്കേണ്ടതാണ്.

ഭാഗം -4

4-1 വാർഷിക കണക്ക് പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2019-2020	ഓഡിറ്റിനോടൊപ്പം പരിശോധിച്ചു	

4-2 സംയുക്ത പദ്ധതികൾ

വിഹിതം നൽകിയ സ്ഥാപനം	തൻവർഷം ലഭിച്ച തുക(₹)	പ്രോജക്ടിന്റെ പേര്	ചെലവ്(₹)	ബാലൻസ്(₹)
തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത്	31754	ജവഹർ ഭവന പദ്ധതി വായ്പ പലിശ തിരിച്ചടവ്(4/20)	31754	0
	170000	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കു സ്കോളർഷിപ്പ്(21/20)	170000	0

	18500	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കു സ്കോളർഷിപ്പ് എസ്.സി.പി(151/20)	18500	0
	1191617	ലൈഫ് മിഷൻ ഭവന നിർമ്മാണം ജനറൽ(35/20)	425953	765664
	30627(മുൻവർഷം ലഭിച്ച തുക)	വയോജന പാർക്ക് പൂർത്തീകരണം(120/20)	30627	0
ഇടുക്കി ജില്ലാ പഞ്ചായത്ത്	200000(മുൻവർഷം ലഭിച്ച തുക)	ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി(10/20)	200000	0
	170000	നെൽകൃഷി കർഷകർക്ക് കൂലി ചെലവ്(140/20)	170000	0

4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾ

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ	മുൻകൂർ നല്കിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
കെ.എസ്.ഇ.ബി പുറപ്പുഴ	സ്ട്രീറ്റ് മെയിൻ വലിക്കൽ(8/20)	ബിൽ നം. 19100552016800978575/ 21.12.19	303450	303450	0

4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിൽ വായ്പയിനത്തിൽ ₹2260000/- വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്	ഉത്തരവ് നം.	തൻവർഷ വായ്പ തുക ₹	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി തുക ₹	തൻവർഷം തിരിച്ചടച്ച തുക ₹		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കി തുക ₹
				മുതൽ	പലിശ	
ഇ.എം.എസ് ഭവന പദ്ധതി	സ.ഉ.നം 510/2010, തീ.17/02/2010	0	831214	8,31,214		0
ജവഹർ മുതൽ തിരിച്ചടവ്	സ.ഉ.നം 1577/2018, തീ.27/05/2015	0	35,00,000	5,00,000		30,00,000
ലൈഫ് ഭവന പദ്ധതി	ജി.ഒ(എം.എസ്) 68/18, എൽ.എസ്.ജി.ഡി തീ.18.05.2018	2260000	5600000	602941	0	7257059

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2006-07	3-11	2011-12	2-4	ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത ഗുണഭോക്താക്കൾക്ക് ധനസഹായം ₹18,334/-	ലഭ്യമാക്കിയില്ല
2012-13	2-4	ലഘു അവലോകന റിപ്പോർട്ടുകൾ	2-4 (11 മുതൽ 25 വരെ) പേജ് നം 18,19)	ലഘു അവലോകനം ഫ്രണ്ട്ഓഫീസ് സംവിധാനം	-ടി-
2015-16	2-1	2016-17	അനുബന്ധം-4	തൊഴിൽ നികുതി- അപാകതകൾ	-ടി-

4-9 ചാർജ്ജ്/സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

- ഇല്ല -

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ക്രമ നം	റിപ്പോർട്ട് വർഷം	ഖണ്ഡിക നം	ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണവകുപ്പ്	ചാർജ് സർട്ടിഫിക്കറ്റ്		സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി)	സർചാർജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? (ഉണ്ട്/ഇല്ല)	റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി)	കോടതി വ്യവഹാരങ്ങൾ		ആകെ ലഭ്യമായ തുക ₹	അവശേഷിക്കുന്ന തുക/ ബാദ്ധ്യത	റിമാർക്സ്
				നമ്പരും തീയതിയും	തുക ₹				ഉൾപ്പെട്ട തുക	ഈടാക്കിയ തുക			
1	2	3	4	5	6	7	8	9	10	11	12	13	14
1	1996-97	1, 2, 3	എം.എൻ. അബ്ദുൾ റഹീം ജൂനിയർ സൂപ്രണ്ട്	LF-22612/ Spl. Cell/ SC2/2000/ 22.11.01	799	₹799/- 82/61390/ 29.03.2000 40/7740/ 27.03.2002 79/49988/		-	-	-	799	ഇല്ല	-

						21.08.2005							
2	1996-97	2 (Part) & 4	എം.എൻ. അബ്ദുൾ റഹീം ജൂനിയർ സൂപ്രണ്ട്	LF-22612/ Spl. Cell/ SC2/2000/ -.11.01	673	₹673/- 40/7740/ 27.03.2002/ 7/61403/ 01.09.2000 41/7740/ 27.03.2002 69/61381/ 15.01.2000		-	-	-	673	ഇല്ല	-
3	2000-01	27	വി. എ. ജോസഫ് ജൂനിയർ സൂപ്രണ്ട്	LF-20350/ 04 Dt:08.06.05	1329	₹1329/- 93/4142 06.06.2005		-	-	-	1329	ഇല്ല	-

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ)സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ മുന്നിരിപ്പ്	₹10854323.60
ഓഡിറ്റ് വർഷത്തെ വരവ്	₹41361376
ഓഡിറ്റ് വർഷത്തെ ആകെ വരവ്	₹52215699.60
ഓഡിറ്റ് വർഷത്തെ ചെലവ്	₹38747471
ഓഡിറ്റ് വർഷത്തെ നീക്കിയിരുപ്പ്	₹13468228.60
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	₹4589/-
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	ഇല്ല

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നം.	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപേരും
	ചാർജ്ജ്	സർചാർജ്ജ്	
3-1		4589/-	ശ്രീ. പി.കെ ഷാഹുൽ ഹമീദ്,അസി.എഞ്ചിനിയർ

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി)കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ,മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി)നഷ്ടം നിജപ്പെടുത്തുവാൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)ഈ റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ പേരും ഉദ്യോഗപ്പേരും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് സമയത്തെ) മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ പി.കെ ഷാഹുൽ ഹമീദ്, അസി.എഞ്ചിനിയർ	അസി.എഞ്ചിനിയർ	പടിഞ്ഞാറെക്കുടി പുത്തൻപുര ഇട്ടിയക്കാട്ട് റോഡ് അട്ടപ്പറമ്പ് മൂവാറ്റുപുഴ

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം	റിമാർക്സ്
1997-98	കെ.എസ്.എ./ ഐ.ഡി.കെ-7/743/18 തീ. 14.06.2018	1	30
2000-01	കെ.എസ്.എ./ ഐ.ഡി.കെ-7/743/18 തീ. 14.06.2018	1	21
2006-07	കെ.എസ്.എ./ ഐ.ഡി.കെ-7/1313/15/ തീ.04.03.2016	13	2-1, 2-2, 2-3, 3-1, 3-2, 3-3, 3-4, 3-6, 3-8, 3-9, 3-10, 3-12, 3-13
2007-08	കെ.എസ്.എ./ ഐ.ഡി.കെ-7/1643/17/ തീ.12.03.2018	9	2-2, 3-1, 3-2, 3-5, 3-6, 3-7, 3-8, 3-9, 3-10
2008-09	എൽ.എഫ്.ഐ.-7/ 486/14/ തീ.17.10.2014	4	2-2, 3-1, 3-2, 3-3
2009-10	കെ.എസ്.എ./ ഐ.ഡി.കെ-7/1378/17/ തീ.11.12.2017	9	3-1, 3-3, 3-4, 3-5, 3-7, 3-8, 3-10, 3-11, 3-12
2010-11	കെ.എസ്.എ./ ഐ.ഡി.കെ-7/1500/16/ തീ.26.12.2016	4	3-1, 3-2, 3-3, 3-7
2011-12	കെ.എസ്.എ./ ഐ.ഡി.കെ-7/51/16/ തീ.29.03.2016	2	3-5, 3-6
2012-13 & 2013-14	കെ.എസ്.എ./ ഐ.ഡി.കെ-7/1135/16/ തീ.21.12.2016	5	2-2, 2-3, 3-3, 3-5, 3-8
2014-15	കെ.എസ്.എ./ ഐ.ഡി.കെ-7/1184/16/ തീ.13.02.2017	4	2-1, 2-2, 3-1, 3-4
2015-16	കെ.എസ്.എ.ഐ.ഡി.കെ.7/ 1240/17/ തീ.12.01.2018	6	2-1, 3-1, 3-3, 3-4, 3-5, 3-6

2016-17	കെ.എസ്.എ.ഐ.ഡി.കെ.7/ 1262/17/ തീ.04.12.2017	11	2-1, 2-2, 2-4, 2-6, 3-1, 3-2, 3-3, 3-4, 3-6
2017-18	കെ.എസ്.എ.ഐ.ഡി.കെ.7/ 1262/17/ തീ.04.12.2017	5	2-4, 3-1, 3-2, 3-5, 3-8
2018-19	കെ.എസ്.എ.ഐ.ഡി.കെ.7/ 121/2021/ തീ.06.05.2020	14	1-12,1-14,1-15,1-16,1-17,1-18,1-19,1-20,1-21, 2-1,2-2,4-8,4-9,4-11

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

അനുബന്ധം-1
ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ മണക്കാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ മണക്കാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്